# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കരുണയുടെ ശക്തി കുടുംബങ്ങളിൽ പ്രകടമാകണം: സിനഡ്



റോം. ദൈവത്തിന്റെ കരുണയുടെ ശക്തി കുടുംബങ്ങളിൽ പ്രകടമാകണമെന്നു കത്തോലിക്കാ സഭയുടെ സിനഡ്. 'അനുദിനജീവിതത്തിൽ പ്രാർത്ഥനയും പരിസ്ഥിതി കാര്യങ്ങളിൽ താൽപര്യവും സ്നേഹത്തിൽ പങ്കുവയ്ക്കലും നടത്തി സാക്ഷ്യംവഹിക്കുവാനാണു കുടുംബങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. വിവാഹമെന്ന ക്രിസ്തീയകൂദാശയുടെ മഹത്വം വിശ്വാസികളെ സഭ പഠിപ്പിക്കണം. താൽക്കാലികതയുടെ സംസ്കാരത്തെ ചെറുക്കേണ്ടതു വിവാഹമെന്ന കൂദാശയുടെ സൗന്ദര്യം ഉയർത്തിപ്പിടിച്ചാണ്. ക്രിസ്തീയസമൂഹം പ്രത്യേകമായ ശ്രദ്ധയോടെ കുടുംബജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളെയും അനുഗമിക്കണം'-സിനഡ് അഭിപ്രായപ്പെട്ടു.

ബുധനാഴ്ച നടന്ന പൊതുചർച്ചയിൽ ഫ്രാൻസിസ് മാർപാപ്പ വത്തിക്കാനിലും റോമിലും അടുത്തകാലത്തുണ്ടായ പിഴവുകൾക്കു മാപ്പുചോദിച്ചു. പിഴവുകൾമൂലം ലോകത്തിനു ദുരിതം എന്ന സുവിശേഷഭാഗം വ്യാഖ്യാനിക്കുന്നതിനു മുൻപാണു മാർപാപ്പ മാപ്പു ചോദിച്ചത്.

ഇന്നലെ സിനഡിന്റെ പത്തും പതിനൊന്നും പൊതുസമ്മേളനങ്ങളാണ് നടന്നത്. ഇന്നു പന്ത്രണ്ടാം പൊതുസമ്മേളനത്തിൽ കത്തോലിക്കേതര ക്രിസ്തീയ സഭകളുടെ പ്രതിനിധികൾ പ്രസംഗിക്കും. വൈകിട്ടു നാലരയ്ക്കു പതിമൂന്നാം പൊതുസമ്മേളനത്തിൽ ബിഷപ്പുമാരല്ലാത്ത സിനഡ് പ്രതിനിധികൾ പ്രസംഗിക്കും. സിനഡ് സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നാളെ രാവിലെ ഒൻപതര മുതൽ പന്ത്രണ്ടര വരെ പോൾ ആറാമൻ ഹാളിൽ നടക്കും. നാലരമുതൽ ഭാഷാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളുടെ പത്താം സമ്മേളനം നടക്കും.